കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് യാത്രാ സൗജന്യം

7 [212] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
„ *ജോസഫ് എം. പുതുശ്ശേരി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് യാത്രാ സൗജന്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) മുതിർന്ന പൗരന്മാർക്കുവേണ്ടി ഏറ്റവും കുറഞ്ഞത് 5 സീറ്റുകൾവീതം ഓരോ ബസ്സിലും നീക്കിവയ്ക്കാൻ നിർദ്ദേശം നൽകുമോ;

(സി) ദീർഘദൂര ബസ്സുകളിൽ വാട്ടർ കൂളർ/ഫിൽറ്റർ ഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണനയിൽ ഇല്ല.

(ബി) നിലവിൽ മുതിർന്ന പൗരന്മാർക്കുവേണ്ടി രണ്ട് സീറ്റുകൾ കെ.എസ്.ആർ.ടി.സി. നീക്കിവച്ചിട്ടുണ്ട്. ഇതിൽ കൂടുതൽ സീറ്റുകൾ നീക്കിവയ്ക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഗതാഗതനയം

8 [213] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:*
„ *വി. കെ. ചന്ദ്രൻ:*
„ *വി. കെ. സി. മമ്മത് കോയ:*
„ *മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്രമായ ഒരു ഗതാഗതനയം ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടുന്നതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആ നിലയ്ക്കുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(സി) സംസ്ഥാനത്തെ സ്വകാര്യ മോട്ടോർ വാഹനരംഗത്തെ തൊഴിലാളി സംഘടനകൾ ഇത് ഉൾപ്പെടെ ജീവൽപ്രധാനങ്ങളായ ചില ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിവേദനം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly